# Launch of brochure outlining India's priorities as part of campaign for UNSC elected seat

05 June 2020

---

## യു എൻ എസ് സി തിരഞ്ഞെടുക്കപ്പെട്ട സീറ്റിനായുള്ള പ്രചാരണത്തിന്റെ ഭാഗമായി ഇന്ത്യയുടെ മുൻഗണനകൾ സൂചിപ്പിക്കുന്ന ബ്രോഷർ പ്രസിദ്ധീകരിച്ചു

05 ജൂൺ, 2020

2020 ജൂൺ 19 നു നിർദേശിച്ചിട്ടുള്ള ഐക്യരാഷ്ട്ര സുരക്ഷാ കൗൺസിലിൽ സീറ്റ് നേടുന്നതിനായി വരാനിരിക്കുന്ന കാമ്പയിനിൽ ഇന്ത്യയുടെ മുൻഗണനകൾ സൂചിപ്പിച്ചുകൊണ്ട് വിദേശകാര്യ മന്ത്രി ഡോ എസ് ജയശങ്കർ ഒരു ലഘുലേഖ ഇന്ന് പുറത്തിറക്കുകയുണ്ടായി.

ഏഷ്യ പസഫിക് ഗ്രൂപ്പിൽ നിന്നുള്ള ഏക അംഗീകൃത അംഗം എന്ന നിലയിൽ, ഇന്ത്യയുടെ സ്ഥാനാർഥിത്വം വിജയിക്കുന്നതിനു വളരെ സാധ്യതകളാണുള്ളത്. അങ്ങനെയാണെങ്കിൽ, ഐക്യരാഷ്ട്ര സുരക്ഷാ കൗസിലിൽ ഇത് ഇന്ത്യയുടെ എട്ടാമത് തവണയായിരിക്കും; ഈ രണ്ടു വർഷ കാലാവധി 2021 ജനുവരിയിൽ ആരംഭിക്കുന്നതാണ്.

തന്റെ സംഭാഷണത്തിൽ, അന്തരാഷ്ട്ര സമാധാനത്തിനും സുരക്ഷയ്ക്കുമെതിരായി പുതിയ വെല്ലുവിളികളെയും തുടർന്നുവരുന്ന പരമ്പരാഗത വെല്ലുവിളികളെയും സംബന്ധിച്ച് സുരക്ഷാ കൗൺസിൽ നേരിടുന്ന അന്താരാഷ്ട്ര സാഹചര്യങ്ങളെക്കുറിച്ച് അദ്ദേഹം പരാമർശിച്ചു.

തുടർന്നുവരുന്ന കോവിഡ്-19 പകർച്ചവ്യാധി, പ്രാദേശിക അന്താരാഷ്ട്ര വെല്ലുവിളികളോട് എതിരിടുന്നതിനുള്ള രാജ്യങ്ങളുടെ ശേഷി ദുർബലമാക്കുന്നതുൾപ്പടെ അന്തരാഷ്ട്ര സാമ്പത്തിക രാഷ്ട്രീയ പരിസ്ഥിതിയെ കൂടുതൽ സങ്കീർണമാക്കിയിരിക്കുന്നു.

ആധുനികതയുടെ ശബ്ദം, സംവാദ പക്ഷവാദി, അന്താരാഷ്ട്ര നിയമത്തിന്റെ വക്താവ് എന്നിങ്ങനെ ഇന്ത്യയുടെ ദീർഘകാലം നീണ്ടു നിന്ന ചുമതലകൾ ഡോ: ജയശങ്കർ ഊന്നിപ്പറഞ്ഞു. ഇന്ത്യ രണ്ടു വർഷ കാലയളവിൽ കൗൺസിലിലേക്ക് തിരഞ്ഞെടുക്കപ്പെടുകയാണെങ്കിൽ, ഇന്ത്യയുടെ വിദേശനയം, അന്താരാഷ്ട്ര ബന്ധങ്ങൾക്കായുള്ള ചിട്ടയായ സമീപനം ഐക്യരാഷ്ട്ര സുരക്ഷാ കൗൺസിലന്റെ പട്ടികയിൽ കൊണ്ട് വരുമെന്ന് അദ്ദേഹം പ്രസ്താവിച്ചു.

മന്ത്രി പ്രസിദ്ധീകരിച്ചിട്ടുള്ള ലഘു ലേഖയിൽ, മുൻഗണന പാത്രത്തിൽ, ഇന്ത്യയുടെ പ്രധാന മുൻഗണനകൾ താഴെ പറയുന്നത് പോലെ വിശദീകരിക്കപ്പെട്ടിരിക്കുന്നു:

I. പുരോഗതിക്കായുള്ള പുതിയ അവസരങ്ങൾ
ii.അന്തരാഷ്ട്ര തീവ്രവാദത്തിനായുള്ള കാര്യക്ഷമമായ പ്രതികരണം
iii. ബഹുരാഷ്ട്ര സംവിധാനത്തിന്റെ നവീകരണം

iv. അന്തരാഷ്ട്ര സമാധാനം സുരക്ഷാ എന്നിവയോടുള്ള സമഗ്രമായ സമീപനം
v. മാനുഷിക ഇടപെടലോടു കൂടിയ സാങ്കേതിക വിദ്യകൾ പ്രശ്നങ്ങൾക്ക് പരിഹാരമായി പ്രചരിപ്പിക്കുക
പ്രധാനമന്ത്രി പ്രസ്താവിച്ച രീതിയിലുള്ള അഞ്ച് 'എസ്' കൾ വഴിയായിരിക്കും ഇന്ത്യയുടെ സമീപനം നിയന്ത്രിക്കപ്പെടുന്നത്.:

- സമ്മാൻ (ബഹുമാനം),
- സംവാദ് (ചർച്ചകൾ),
- സഹയോഗ് (സഹകരണം), കൂടാതെ
- ശാന്തി (സമാധാനം), ആഗോള
- സമൃദ്ധി (സമൃദ്ധി) ലക്ഷ്യം വച്ചുള്ള മണ്ഡങ്ങളുടെ രുപീകരണം

ഐക്യരാഷ്ട്ര സെക്യൂരിറ്റി കൗൺസിലിലെ ഈ കാലാവധിയിൽ ഇന്ത്യയുടെ മൊത്തത്തിലുള്ള ലക്ഷ്യം N.O.R.M.S ന്റെ നേട്ടമായിരിക്കും (ന്യൂ ഓറിയന്റേഷൻ ഫോർ എ റീഫോംഡ് മൾട്ടിലാറ്ററൽ സിസ്റ്റം): പരിഷ്കൃതമായ ബഹുരാഷ്ട്ര സംവിധാനത്തിനായുള്ള പുതുക്കിയ കാഴ്ചപാട് .

ന്യൂ ഡൽഹി
05 ജൂൺ, 2020

DISCLAIMER: This is an approximate translation. The original is available in English on MEA’s website and may be referred to as the official press release.